DESPATCHED
On... 05/06/2020

7/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 2453(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16860/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.കെ. ശശികുമാർ,
കളരിക്കിൽ ഹൗസ്,
കാരക്കോട്, ഗുരുവായൂർ - 680 101,
തൃശ്ശൂർ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ (എ),
ഗുരുവായൂർ ദേവസ്വം,
ഗുരുവായൂർ-680 101.

2. അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റർ,
ഗുരുവായൂർ ദേവസ്വം,
ഗുരുവായൂർ-680 101

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.7.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 8.8.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.8.2019 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.8.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.10.2019, 20.11.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.10.2019, 23.11.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.12.2019, 7.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.1.2020 & 4.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. ശശികുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഗുരുവായൂർ

ക്ഷേത്രത്തിൽ മതിൽക്കകത്ത് ഊട്ടുപുരയിൽ വച്ച് 2018 വർഷം നടത്തിയ അഷ്ടമംഗല ദേവ പ്രശ്നം മുഴുവനും ദേവസ്വം വിഷ്വലായി റിക്കാർഡ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ അപേക്ഷ നൽകിയിരുന്നു എന്നും എന്നാൽ മേൽപ്പടി വിവരം diety-മായി ബന്ധപ്പെട്ടതാകയാൽ പരസ്യമാക്കാൻ പരിമിതികൾ ഉണ്ടെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട സിഡി അനുവദിക്കാൻ നിർവ്വാഹമില്ലെന്നു അറിയിച്ചു എന്നും ടിയാൻ ആവശ്യപ്പെട്ടത് diety-മായി ബന്ധപ്പെട്ട കാര്യങ്ങൾ അല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ട് അപ്പീൽ അപേക്ഷ നൽകി എന്നും എന്നാൽ ആയത് നൽകാൻ നിർവ്വാഹമില്ലെന്നു പ്രസ്താവിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2 ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഗുരുവായൂർ ക്ഷേത്രത്തിൽ 2018–ൽ നടത്തിയ ദേവ പ്രശ്നത്തിന്റെ എല്ലാ ചിന്തകളുടെയും മൊത്തം സി.ഡികളുടെ പകർപ്പ് ടിയാന് നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ക്ഷേത്രത്തിലെ അഷ്ടമംഗല പ്രശ്ന ചിന്തകളും മറ്റും ക്ഷേത്രം diety-മായി ബന്ധപ്പെട്ട തായതിനാൽ അവ പരസ്യമാക്കുന്നതിന് പരിമിതികൾ ഉണ്ടെന്നും ആയതിനാൽ അഷ്ടമംഗല പ്രശ്നത്തിന്റെ സിഡിയുടെ പകർപ്പ് അനുവദിക്കാൻ നിർവ്വാഹമില്ലെന്നും ദേവസ്വം ഓഫീസിൽ വച്ച് സിഡി പരിശോധിക്കുന്നതിന് അനുവദിക്കുന്നതാണെന്നും മേൽ പ്രകാരം അനുവദിക്കുന്ന രേഖയുടെ പകർപ്പ് 33 പേജുകളിൽ അടങ്ങിയിരിക്കുന്നു എന്നും ആയത് ലഭിക്കുന്നതിന് 66 രൂപ ഫീസ് ഒടുക്കി ചലാൻ രസീത് ഹാജരാക്കണമെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരം diety-മായി യാതൊരു ബന്ധവും ഇല്ലാത്തതാണെന്നും മാത്രവുമല്ല പ്രശ്ന ചാർത്ത് പ്രകാരമുള്ള പരിഹാര ക്രിയകൾ നടത്തി കഴിഞ്ഞതായിട്ടാണ് അറിയുന്നതെന്നും ഇതിനുമുമ്പ് ക്ഷേത്രത്തിൽ ഫോട്ടോ എടുക്കലും സിനിമ ഷൂട്ടിംഗും നടത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി അംഗീകരിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായത്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ക്ഷേത്രത്തിന് അകത്ത് നടക്കുന്ന വിഷയങ്ങളെ സംബന്ധിച്ച സിഡി സാധാരണയായി ആർക്കും നൽകാറില്ല എന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ദേവപ്രശ്നവുമായി ബന്ധപ്പെട്ട എല്ലാ ചിന്തകളും അടങ്ങിയ സിഡിയുടെ പകർപ്പിനാണെന്നു കാണുന്നു. ആയത് ഒരു പൊതു രേഖയല്ലെന്നു ക്ഷേത്രവും deity-മായി ബന്ധപ്പെട്ട ഒന്നാണെന്നും കാണുന്നു. ആയതിന്റെ വെളിപ്പെടുത്തൽ അഷ്ടമംഗല പ്രശ്നവുമായി ബന്ധപ്പെട്ട അനാവശ്യ ചർച്ചകളിലേയ്ക്കും ആവശ്യമില്ലാത്ത വാദപ്രതിവാദങ്ങളിലേയ്ക്കും നയിക്കുവാൻ സാധ്യതയുമുണ്ടെന്നു കാണുന്നു. അത്തരം സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടി സിഡി നിരസിച്ചതിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ ഇടപെടേണ്ട ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk